For more materials visit www.educationobserver.com/forum

**12920** **120 MINUTES**

1. പൂർവദ്രാവിഡത്തിൽ നിന്ന് സ്വതന്ത്രമായി പിരിഞ്ഞുവന്ന ശാഖയാണ് മലയാളമായി പരിണമിച്ചത് എന്ന് അഭിപ്രായപ്പെട്ട ഗവേഷകൻ?
അ) ആറ്റൂർ കൃഷ്ണപ്പിഷാരടി ആ) സി.വി.വാസുദേവൻ ഭട്ടതിരി
ഇ) എ.ആർ.രാജരാജവർമ്മ ഉ) എൽ.വി.രാമസ്വാമി അയ്യർ

2. നായികയുടെ സൗന്ദര്യവർണ്ണന കേട്ട് മയങ്ങി ഇന്ദ്രൻ ഭൂമിയിലെത്തി കോയിലന്വേഷിക്കുന്നതായി പ്രതിപാദിക്കുന്ന കാവ്യം
A) വൈശിക തന്ത്രം B) ഉണ്ണിയച്ചി ചരിതം
C) ഉണ്ണിച്ചിരുതേവി ചരിതം D) ഉണ്ണിയാടി ചരിതം

3. കേരളഭാഷാ സാഹിത്യചരിത്രത്തിന്റെ കർത്താവ്?
A) പി.ഗോവിന്ദപ്പിള്ള B) ആർ.നാരായണപ്പണിക്കർ
C) ഡോ.എം.ലീലാവതി D) ഉള്ളൂർ എസ്.പരമേശ്വര അയ്യർ

4. കടവല്ലൂർ അന്യോന്യം എന്നാലെന്ത്?
A) കടവല്ലൂരിലെ ശ്രീരാമക്ഷേത്രത്തിൽവച്ച് നടത്തിയിരുന്ന മത്സരപരീക്ഷ
B) കടവല്ലൂരിൽ സംഘടിപ്പിച്ച വേദാന്തചർച്ച
C) മഹാപണ്ഡിതന്മാർക്ക് നല്കിയിരുന്ന ബിരുദം
D) കടവല്ലൂരിലെ കവികൾ പരസ്പരം നടത്തിയിരുന്ന പോർവിളി

5. ഡോ.കെ.ഭാസ്കരൻ നായരുടെ 'ഓഫ് വീഡെർ സേഹൻ' ഏതു സാഹിത്യ ശാഖയിൽ പെടുന്നു?
A) ആട്ടക്കഥ B) ശാസ്ത്രസാഹിത്യം
C) ഉപന്യാസം D) സഞ്ചാരസാഹിത്യം

6. കേസരി ബാലകൃഷ്ണപിള്ള സാഹിത്യകൃതിയുടെ വിലയിരുത്തലിന് അടിസ്ഥാനമായി സ്വീകരിച്ച സിദ്ധാന്തം
A) ഫങ്ഷണലിസം B) കല കലയ്ക്ക് വേണ്ടി
C) വ്യക്തി നിരാസവാദം D) ആത്മാവിഷ്കാര വാദം

7. സന്തതം മിഹിരനാത്മ ശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നില്ക്കുമോമലേ
ഹന്ത! ധന്യമിഹ നിന്റെ ജീവിതം – ഇതിലെ അലങ്കാരം ഏത്?
A) രൂപകാതിശയോക്തി B) നിദർശന
C) അപ്രസ്തുത പ്രശംസ D) വിശേഷോക്തി

8. "ഭാഷാരീതി ഇരുമ്പുകൂടം പോലെ നിഷ്പന്ദവും അഭേദകവുമായതുകൊണ്ട്, ഭാഷ ആശയത്തെ അനുഗമിക്കുന്നതിനു പകരം ഭാഷയ്ക്കുവേണ്ടി ആശയം പലപ്പോഴും ബലികഴിക്കുകയോ അലങ്കോലമാക്കുകയോ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. " സി.വി. രാമൻ പിള്ളയുടെ ഭാഷയെക്കുറിച്ച് ഇങ്ങനെ പ്രതികരിച്ചതാര്?
A) സ്വദേശാഭിമാനി B) എൻ.കൃഷ്ണപിള്ള
C) എം.പി.പോൾ D) ഡോ.കെ.ഭാസ്ക്കരൻ നായർ

For more materials visit www.educationobserver.com/forum

9. ഭാവനയെ പ്രാഥമികം എന്നും ദ്വിതീയം എന്നും രണ്ടായി തിരിച്ച പാശ്ചാത്യ വിമർശകൻ
   A) ജോൺസൺ
   B) കോളറിഡ്ജ്
   C) ഐ.എ.റിച്ചാർഡ്സ്
   D) ഹെർഡർ

10. അർദ്ധസമവൃത്തത്തിൽപെടുന്ന വൃത്തമേത്?
   A) സ്രഗ്ദ്ധര
   B) വസന്ത തിലകം
   C) ഉദ്ഗത
   D) പുഷ്പിതാഗ്ര

11. മധ്യകേരളത്തിലെ ഭദ്രകാളിക്കാവുകളിൽ നടത്തുന്ന അനുഷ്ഠാന കലയാണ്
   A) പാന
   B) തീയ്യാട്ട്
   C) തിടമ്പുനൃത്തം
   D) തിറ

12. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' – ആരുടെ ചെറുകഥ?
   A) ഗ്രേസി
   B) ചന്ദ്രമതി
   C) സാറാജോസഫ്
   D) അഷിത

13. കുമാരനാശാൻ സ്വന്തമായി പ്രസിദ്ധീകരിച്ച ഒരു മാസികയുടെ പേര്
   A) വിവേകോദയം
   B) ആത്മപോഷിണി
   C) പ്രതിഭ
   D) സമദർശി

14. പ്രിയംവദ എതുനോവലിലെ കഥാപാത്രമാണ്?
   A) അടയാളങ്ങൾ
   B) മരുഭൂമികൾ ഉണ്ടാകുന്നത്
   C) പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും
   D) യന്ത്രം

15. രാമായണത്തിലെ ശൂർപ്പണഖയെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കുന്ന കഥ
   A) തായ്കുലം
   B) ചാവുനിലം
   C) കാണി
   D) ജൈവം

16. 'ഉപ്പന്റെ കൂവൽ വരയ്ക്കുന്നു' ആരുടെ കൃതി?
   A) വി.എം.ഗിരിജ
   B) എസ്.ജോസഫ്
   C) പി.പി.രാമചന്ദ്രൻ
   D) അനിതാ തമ്പി

17. "ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കേണമെങ്കിൽ, അറിവ് വേണം, നെറിവ് വേണം, കാഴ്ച വേണം, ഓർച്ച വേണം എന്നൊക്കെ പഴംകഥയായിപ്പോയി! ഇപ്പോഴത്തെ മഹാനിരൂപകന്മാർ ദയവിചാരിച്ച് ഗ്രന്ഥനിരൂപണത്തെ വൈരനിര്യാതനത്തിനുള്ള ആയുധമാക്കാതിരിക്കുകയെങ്കിലും ചെയ്യുമോ, ആവോ" ആരുടേതാണ് ഈ അഭിപ്രായം?
   A) കുട്ടിക്കൃഷ്ണമാരാർ
   B) വള്ളത്തോൾ നാരായണമേനോൻ
   C) സി.പി.അച്യുതമേനോൻ
   D) സി.അന്തപ്പായി

For more materials visit www.educationobserver.com/forum

18. 'അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരണമാണ് ഞാൻ.
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന
പാചകങ്ങൾക്കൊപ്പം വാചകം വിളമ്പുന്ന
സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം' - ഇതിൽ ധ്വനിക്കുന്ന ഭാവം ആരുടേത്?
A) വിപ്ലവകാരിയുടെ B) അരാജകവാദിയുടെ
C) പെസിമിസ്റ്റിന്റെ D) ഫെമിനിസ്റ്റിന്റെ

19. ഖിലോപ സംഗ്രഹത്തിന് ഉദാഹരണമായി കേരളപാണിനി ചൂണ്ടിക്കാട്ടുന്ന പ്രത്യയം
A) ആൻ B) ഉം C) ന്റെ D) ക്ക്

20. വർണ്ണങ്ങൾ ശ്വാസികൾ എന്നും നാദികൾ എന്നും ഭേദപ്പെടുന്നത് ഏതു കാരണത്താലാണ്?
A) അനുപ്രദാനം B) കരണവിഭ്രമം
C) സംസർഗ്ഗം D) മാർഗ്ഗഭേദം

21. കക്ഷ്യാപരമായി വർഗ്ഗീകരിക്കുമ്പോൾ സംസ്കൃതം ഉൾപ്പെടുന്നത്
A) അപഗ്രഥന കക്ഷ്യയിൽ B) പ്രാകൃത കക്ഷ്യയിൽ
C) സംശ്ലിഷ്ട കക്ഷ്യയിൽ D) വൈകൃത കക്ഷ്യയിൽ

22. ഏതു കാവ്യശാഖയിൽപ്പെടുന്ന കൃതിയാണ് 'കൊടിയ വിരഹം'?
A) മഹാകാവ്യം B) മുക്തകം
C) ചമ്പു D) കിളിപ്പാട്ട്

23. 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ –
ക്രമക്കണക്കേ ശരണം; ജനങ്ങൾ
സമസ്തരും സമ്മതിയാതെ കണ്ടീ –
സ്സമർത്ഥനോതില്ലൊരു വാക്കുപോലും' ഇങ്ങനെ അഭിപ്രായപ്പെട്ടത്?
A) കുണ്ടൂർ നാരായണമേനോൻ
B) എ.ആർ.രാജരാജവർമ്മ
C) വള്ളത്തോൾ നാരായണമേനോൻ
D) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

24. മീനമാസത്തിൽ ആഘോഷിക്കപ്പെടുന്ന പൂരക്കളി ഏതുദേവതയെ പ്രീതിപ്പെടുത്താൻ വേണ്ടിയുള്ള അനുഷ്ഠാന കലയാണ്?
A) ശിവൻ B) കാമദേവൻ
C) വിഷ്ണു D) ദുർഗ്ഗ

25. ചരിത്ര വിഷയം പ്രതിപാദിക്കുന്ന ഒരു ചമ്പു
A) സുജാതോദ്വാഹം B) പാലാഴി മഥനം
C) ശ്രീചിത്രാഭിഷേകം D) ചെല്ലൂർ നാഥോദയം

For more materials visit www.educationobserver.com/forum

26. വടക്കൻപ്പാട്ടുകൾ സമ്പാദനം ചെയ്തു പ്രസിദ്ധീകരിച്ച പണ്ഡിതൻ?
   A) സി.വി.ഗോവിന്ദപിള്ള  B) ചേലനാട്ടു അച്യുതമേനോൻ
   C) കെ.കെ.വാദ്ധ്യാർ  D) ജി.ഭാർഗ്ഗവൻപിള്ള

27. സി.എൻ.ശ്രീകണ്ഠൻ നായരുടെ നാടകത്രയത്തിൽ പെടാത്തകൃതി?
   A) കലി  B) ലങ്കാലക്ഷ്മി
   C) സാകേതം  D) കാഞ്ചനസീത

28. സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ളയുടെ ആത്മകഥാ ഗ്രന്ഥം
   A) സ്മൃതി മാധുരി  B) സ്മരണ മണ്ഡലം
   C) സ്മൃതി ദർപ്പണം  D) സ്മരണകൾ മാത്രം

29. 'കുഴിവെട്ടിമൂടുക വേദനകൾ
   കുതികൊൾക ശക്തിയിലേക്ക് നമ്മൾ'
   ഇടശ്ശേരിയുടെ ഈ വരികൾ ഏത് കവിതയിലുള്ളതാണ്?
   A) പണിമുടക്കം  B) പുത്തൻകലവും അരിവാളും
   C) മുള്ളൻ ചീര  D) കുറ്റിപ്പുറം പാലം

30. 'പ്രാചീനമലയാളം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
   A) ശൂരനാട്ട് കുഞ്ഞൻപിള്ള  B) ഇളംകുളം കുഞ്ഞൻപിള്ള
   C) ചട്ടമ്പിസ്വാമികൾ  D) കെ.ഗോദവർമ്മ

31. 'നരൻക്രമാൽ തന്റെ ശവം ചവുട്ടി
   പ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ'?
   ആരുടെ വരികൾ?
   A) അക്കിത്തം  B) നാലപ്പാട്ട് നാരായണ മേനോൻ
   C) ബാലാമണിയമ്മ  D) പി.കുഞ്ഞിരാമൻ നായർ

32. കേരളസാഹിത്യ അക്കാദമിയുടെ ആദ്യത്തെ ഉപാധ്യക്ഷൻ മഹാകവി വള്ളത്തോൾ ആയിരുന്നു. ആരായിരുന്നു അദ്ധ്യക്ഷൻ?
   A) പനമ്പിള്ളി ഗോവിന്ദമേനോൻ  B) തകഴി ശിവശങ്കരപ്പിള്ള
   C) കെ.പി.കേശവമേനോൻ  D) കെ.എം.പണിക്കർ

33. 'കൊച്ചുതൊമ്മൻ' ഏതുവിഭാഗത്തിൽ പെടുന്ന കവിതയാണ്?
   A) എലിജി  B) സററയർ  C) ബർലസ്ക്  D) പാരഡി

34. ശീലഭാവി രൂപം ഏത്?
   A) രാമനേ രാവണനെ കൊല്ലൂ
   B) പാപം ചെയ്യുന്നവൻ ദു:ഖിക്കും
   C) ചൊട്ടയിലെ ശീലം ചുടലവരെ
   D) ഇന്ന് ധാരാളം കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ട്.

35. അർത്ഥാപകർഷത്തിന് ഉദാഹരണമാണ്
   A) ഭസ്മം  B) പാവാട  C) കൗരവർ  D) മാടം

For more materials visit www.educationobserver.com/forum

36. തമിഴ്മിശ്ര ഗദ്യത്തിൽ പെടാത്ത കൃതി
    A) ആട്ട പ്രകാരം
    B) ക്രമദീപിക
    C) ദൂതവാക്യം
    D) കന്നടിയൻ പോര്

37. സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള, വർണ്ണനാപ്രധാനമായ കഥാകാവ്യമാണ് വെണ്മണി മഹന്റെ –
    A) കവി പുഷ്പമാല
    B) ഭൂതിഭൂഷ ചരിതം
    C) രാമേശ്വരയാത്ര
    D) അഷ്ടമി യാത്ര

38. ഉയർന്ന വിദ്യാഭ്യാസ – മുടുപ്പിൽ തുന്നിച്ചേർക്കു
    മുയർന്ന വിദ്യാഭ്യാസം – എത്ര താഴ്ത്തീലാ നമ്മെ – ആരുടെ വരികൾ?
    A) വള്ളത്തോൾ നാരായണ മേനോൻ
    B) പി.കുഞ്ഞിരാമൻ നായർ
    C) ഇടശ്ശേരി ഗോവിന്ദൻ നായർ
    D) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

39. തിരുവിതാംകൂറിൽ മഹാരാജാവ് ക്ഷേത്രപ്രവേശന വിളംബരം നടത്തിയ വർഷം
    A) 1924
    B) 1931
    C) 1936
    D) 1938

40. സാഹിത്യരൂപത്തെ പരിഹസിക്കുന്നതല്ലാത്ത കൃതി
    A) കുറുപ്പില്ലാ കളരി
    B) ചക്കീചങ്കരം
    C) പറങ്ങോടീ പരിണയം
    D) ദാത്യൂഹ സന്ദേശം

41. 'മരത്തൻ' നായകനായിട്ടുള്ള നോവലാണ്
    A) ഇന്ദുമതീ സ്വയംവരം
    B) സരസ്വതീ വിജയം
    C) ലക്ഷ്മീകേശവം
    D) നാലുപേരിലൊരുത്തൻ

42. 'ബുദ്ധചരിതം' ആട്ടക്കഥയുടെ കർത്താവ്
    A) ഒ.എം.അനുജൻ
    B) വള്ളത്തോൾ നാരായണമേനോൻ
    C) വയസ്ക്കര മൂസ്സ്
    D) എൻ.വി.കൃഷ്ണവാര്യർ

43. ഖണ്ഡകാവ്യത്തിൽ പെടാത്ത കൃതി
    A) കുടിയൊഴിക്കൽ
    B) നങ്ങേമക്കുട്ടി
    C) ആത്മപുരാണം
    D) വിശ്വദർശനം

44. 'ടാവും റാവു മിരട്ടിപ്പു
    നാമാന്തത്തിൽ യഥോചിതം'
    കേരളപാണിനീയത്തിലെ ഈ കാരിക ഏത് സന്ദർഭത്തിലുള്ളതാണ്?
    A) സന്ധി പ്രകരണം
    B) തദ്ധിത പ്രകരണം
    C) വിഭക്തി പ്രകരണം
    D) ധാത്വധികാരം

For more materials visit www.educationobserver.com/forum

45. 'രാജാവിന്റെ പരാജയം ആസന്നമായിരിക്കുന്നു.
ഊർമ്മിളേ അയോധ്യ അവർ കീഴടക്കും
രാജാവിന്റെ തലവെട്ടി വെളിയിൽതൂക്കും
കൊടിമരത്തിൽ ചെങ്കൊടികുത്തും' – ആരുടെ കവിത?

A) സച്ചിദാനന്ദൻ
B) കെ.ജി.ശങ്കരപ്പിള്ള
C) ബാലചന്ദ്രൻ ചുള്ളിക്കാട്
D) കടമ്മനിട്ട രാമകൃഷ്ണൻ

46. 'ബത്തയിലെ ചെറിയ പോലീസ് സ്റ്റേഷനു മുന്നിൽ ഞാനും ഹമീദും തോറ്റവരെ പോലെ കുറേനേരം നിന്നു. ഗേറ്റിനോടു ചേർന്നുള്ള പാറാവുകൂട്ടിൽ രണ്ടു പോലീസുകാർ ഇരിപ്പുണ്ട്. ഒരാൾ എന്തോ വായിക്കുകയാണ്. ആ ഇരിപ്പും തലയാട്ടലും പാതിയടഞ്ഞ കണ്ണുകളും ഏതോ മതഗ്രന്ഥമാണ് വായിക്കുന്നതെന്ന് ഉറപ്പ് തരുന്നുണ്ട്. രണ്ടാമത്തെ പോലീസുകാരൻ ടെലിഫോണിലാണ്'. ഏതു നോവലിന്റെ തുടക്കമാണിത്?

A) അഭയാർത്ഥികൾ
B) ആടു ജീവിതം
C) കൈ മുദ്രകൾ
D) ദൈവത്തിന്റെ കണ്ണ്

47. താഴെപ്പറയുന്നവയിൽ ബാലാമണിയമ്മയുടെ കവിതാസമാഹാരം ഏത്?

A) കദളീവനം
B) സോപാനം
C) പാലാഴി
D) ജാലകപ്പക്ഷി

48. തന്റെമേൽ ദോഷാരോപണം നടത്തിയതിൽ ദു:ഖിച്ച കുമാരനാശാൻ എഴുതിയ കവിത

A) ദൂഷിതമായ ന്യായാസനം
B) ഒരു തീയ്യക്കുട്ടിയുടെ വിചാരം
C) ഗ്രാമവൃക്ഷത്തിലെ കുയിൽ
D) നിഷ്കപടതയോട്

49. നരവംശ ശാസ്ത്രത്തിൽ ഘടനാവാദപരമായ അപഗ്രഥനരീതി ആവിഷ്ക്കരിച്ച ചിന്തകൻ

A) യാക്കോബ്സൺ
B) ടൊറഡോവ്
C) സൊസ്സ്യൂർ
D) ലെവിസ്ട്രോസ്

50. നാട്യശാസ്ത്രത്തിനുശേഷം കാവ്യശാസ്ത്ര ശാഖയിലുണ്ടായ ഏറ്റവും പ്രാചീനമായ ഗ്രന്ഥം

A) കാവ്യാലങ്കാര സൂത്രം
B) കാവ്യാദർശം
C) കാവ്യാലങ്കാരം
D) വക്രോക്തി ജീവിതം

51. ആര്യാവൃത്തത്തിന്റെ പൂർവ്വാർദ്ധംതന്നെ ഉത്താരാർദ്ധത്തിലും പ്രയോഗിച്ചാൽ വൃത്തം

A) ഉദ്ഗീതി
B) ആര്യാഗീതി
C) പത്ഥ്യാര്യാ
D) ഗീതി

52. രചനാകാലം ക്രമപ്പെടുത്തി എഴുതിയതു തെരഞ്ഞെടുക്കുക

A) താതവാക്യം, മയിൽപ്പീലി, കാവ്യനർത്തകി, കണ്ണൂർകോട്ട
B) കാവ്യനർത്തകി, മയിൽപ്പീലി, കണ്ണൂർകോട്ട, താതവാക്യം
C) മയിൽപ്പീലി, കണ്ണൂർകോട്ട, താതവാക്യം, കാവ്യനർത്തകി
D) കണ്ണൂർകോട്ട, താതവാക്യം, മയിൽപ്പീലി, കാവ്യനർത്തകി

53. 'മൊഹിയുദ്ദീൻ മാല' യുടെകർത്താവ്

A) മോയീൻകുട്ടി വൈദ്യർ
B) ഖാസി മുഹമ്മദ്
C) പുലിക്കോട്ടിൽ ഹൈദർ
D) മക്തി തങ്ങൾ

For more materials visit www.educationobserver.com/forum

54. അപ്രസ്തുത പ്രശംസ ഏതു അലങ്കാര വിഭാഗത്തിൽപ്പെടുന്നു?
   A) വാസ്തവോക്തി B) സാമ്യോക്തി
   C) അതിശയോക്തി D) ശ്ലേഷോക്തി

55. 'അയി ജീവിതശൈല മൌലിയിൽ
കയറാൻ കോപ്പുകൾകൂട്ടിടുന്നിഹ
നര സഞ്ചയമാശയായിടു –
ന്നൊരു പാശത്തിനെയാശ്രയിച്ചു താൻ' – ആരുടെ രചന?
   A) കുമാരനാശാൻ B) കെ.സി.കേശവപിള്ള
   C) വിദ്വാൻ പി.കേളുനായർ D) സി.എസ്.സുബ്രഹ്മണ്യൻ പോറ്റി

56. ഇന്ന് നിലവിൽ പ്രയോഗസാധ്യത ഇല്ലാത്ത സന്ധിയെ സൂചിപ്പിക്കുന്ന സൂത്രം ഏത്?
   A) ണസ്തസ്യട: B) തേ*f*സ്യതച
   C) റുടോോർദിത്വംച D) സമാസേ ചാഞാദീനാം

57. പെരുമ്പടപ്പ് സ്വരൂപത്തെ സ്തുതിക്കുന്ന മണിപ്രവാളകൃതി
   A) ഉണ്ണിയച്ചീ ചരിതം B) ഉണ്ണിയാടി ചരിതം
   C) ഉണ്ണുനീലി സന്ദേശം D) കോകസന്ദേശം

58. കാരക കൃത്തിന് ഉദാഹരണമാണ്
   A) കാറ്റാടി B) കരിന്തിരി
   C) ചേർച്ച D) പോകുന്നുണ്ട്

59. മലയാളത്തിൽ ആദ്യമായി എഴുതപ്പെട്ട രേഖ എന്ന് കരുതിപ്പോരുന്നത്?
   A) തിരുനെല്ലി ശാസനം B) വാഴപ്പള്ളി ചെപ്പേട്
   C) തരിസാപ്പള്ളി ശാസനം D) കഠിനംകുളം രേഖ

60. കൺ + തു – കണ്ടു ആയിത്തീരുന്നതു
   A) വിവർണ്ണനം B) പരസവർണ്ണനം
   C) സ്വരപ്പൊരുത്തം D) പൂർവ്വസവർണ്ണനം

61. സംസ്കൃതമായിന ചെങ്ങഴിനീരും
നററമിഴായിന പിച്ചക മലരും
ഏക കലർന്നു കരമ്പകമാലാം
വൃത്തമനോജ്ഞാം സംഗ്രഥയിഷ്യേ
ഈ കല്പന, തന്റെ മണിപ്രവാള സങ്കല്പത്തിന് യോജിച്ചതല്ല എന്ന് ലീലാതിലകകാരൻ പറയുന്നതു എന്തുകൊണ്ട്?
   A) സംസ്കൃതത്തെ ചെങ്ങഴിനീരിനോട് സാദൃശ്യപ്പെടുത്തിയതുകൊണ്ട്
   B) തമിഴിനെ പിച്ചകമലരോട് സാദൃശ്യപ്പെടുത്തിയതുകൊണ്ട്
   C) കരമ്പകമാലയോട് സാദൃശ്യപ്പെടുത്തിയതുകൊണ്ട്
   D) വർണ്ണവൈവിധ്യമല്ല വർണ്ണൈക്യമാണ് തന്റെ സങ്കല്പത്തിലെ മണിപ്രവാള ഭാഷ എന്നതുകൊണ്ട്

For more materials visit www.educationobserver.com/forum

62. കേരളത്തിലുണ്ടായ ആദ്യത്തെ സന്ദേശകാവ്യം
A) ഹംസ സന്ദേശം B) കോക സന്ദേശം
C) ശുക സന്ദേശം D) ഉണ്ണുനീലി സന്ദേശം

63. ഇരയിമ്മൻ തമ്പിയുടേതല്ലാത്ത ആട്ടക്കഥ
A) ഉത്തരാസ്വയംവരം B) ദക്ഷയാഗം
C) താടകാവധം D) കീചകവധം

64. നമ്പ്യാന്തമിഴിൽ എഴുതപ്പെട്ട ഗ്രന്ഥം
A) ദൂതവാക്യം B) ഭാഷാ കൗടലീയം
C) ബ്രഹ്മാണ്ഡപുരാണം D) വർത്തമാന പുസ്തകം

65. താഴെപ്പറയുന്ന നോവലുകളിൽ ഒന്ന് മാത്രം മറ്റൊരു എഴുത്തുകാരന്റേതാണ്. നോവൽ ഏത്?
A) ഉത്തരകോളനി B) അവിഘ്നമസ്തു
C) അശ്വത്ഥാമാവ് D) നിയോഗം

66. നാടകശാഖയിൽ പെടാത്ത കൃതി
A) കഥാബീജം B) സമത്വവാദി
C) നടി D) കീടജന്മം

67. 'ഭാഷാപണ്ഡിതനായ ഫൗളറും, സാഹിത്യ മീമാംസകനായ റിച്ചാർഡ്സും, വൃത്തശാസ്ത്രജ്ഞനായ പി.എഫ്.ബോമും ഒരു ശരീരത്തിൽ ചേർന്നുണ്ടായ വിസ്മയമാണ്' എന്ന് സുകുമാർ അഴീക്കോട് ഏതു വിമർശകനെ കുറിച്ചാണ് അഭിപ്രായപ്പെട്ടത്?
A) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ളയെ
B) എ.ആർ.രാജരാജ വർമ്മയെ
C) എസ്.ഗുപ്തൻ നായരെ
D) കുട്ടിക്കൃഷ്ണമാരാരെ

68. 'കല്യാണമണ്ഡപം കല്ലറയായ് മാറാം
കല്യാണക്കുന്നിലു മാഴികേറാം
ചാലെന്നോ തിട്ടെന്നോ ശാശ്വതമായൊന്ന്
കാലപ്രവാഹത്തിനില്ല തന്നെ' – ആരുടെ വരികൾ?
A) ഉള്ളൂർ B) വള്ളത്തോൾ
C) നാലാപ്പാട്ട് നാരായണമേനോൻ D) ബാലാമണിയമ്മ

69. ചിഹ്നവിജ്ഞാനീയത്തിന് ഉചിതമായ വിശകലന മാതൃകകൾ അവതരിപ്പിച്ച ഫ്രഞ്ച് സാഹിത്യ വിമർശകനാണ്
A) ലെക്കാൻ B) റൊളാങ് ബാർത്ത്
C) സൊസ്യൂർ D) ദെറിദ

70. വിമല പ്രതിഭാനശാലി ഹൃദയൻ എന്ന് സഹൃദയനെ നിർവ്വചിച്ച ആലങ്കാരികനാര്?
A) ഭരതമുനി B) ലോല്ലടൻ
C) അഭിനവഗുപ്തൻ D) മമ്മടൻ

For more materials visit www.educationobserver.com/forum

71. നീചരാജ ഭാഷ എന്ന് സി.എൽ.ആന്റണി ഉദ്ദേശിച്ചത്
    A) രാജഭാഷ അധ:പതിച്ച് ചെന്തമിഴും വ്യവഹാരഭാഷയും ചേർന്ന് ഒരു വികൃത സാഹിത്യഭാഷ
    B) സാധാരണക്കാർക്ക് മനസ്സിലാക്കാൻ വേണ്ടി രൂപപ്പെടുത്തിയ രാജശാസനങ്ങളിലെ ഭാഷ
    C) അന്നത്തെ ത്രൈവർണ്ണികരുടേതല്ലാത്ത വ്യവഹാര ഭാഷ
    D) രാജാക്കന്മാർ ഉപയോഗിച്ച സാമാന്യ വ്യവഹാര ഭാഷ

72. മണിപ്രവാള ഭാഷയുടെ ചർച്ചയിൽ ലീലാതിലകകാരൻ സംസ്കൃതരൂപത്തിന് നല്കുന്ന ഉദാഹരണം
    A) കൊച്ചി B) തേവർ C) വല്ലി D) നാളെ

73. വിശിഷ്ടക്രിയ എന്നാലെന്ത്?
    A) വിശേഷണമായി ഉപയോഗിക്കുന്ന ക്രിയ
    B) ശ്രേഷ്ഠമായ പ്രവൃത്തിയെ സൂചിപ്പിക്കുന്ന ക്രിയാരൂപം
    C) കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയ
    D) വിശിഷ്ഠമായ കർമ്മം

74. മലയാളത്തിലെ ഓർഫ്യൂസ് എന്ന് സാഹിത്യ ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെട്ട കവി
    A) ചങ്ങമ്പുഴ B) ഒ.എൻ.വി.കുറുപ്പ്
    C) പി.ഭാസ്കരൻ D) വയലാർ രാമവർമ്മ

75. നാടകീയ സ്വഗതാഖ്യാന രൂപത്തിൽ എഴുതപ്പെട്ട കവിത
    A) നരബലി B) മഴുവിന്റെ കഥ
    C) പഥികന്റെ പാട്ട് D) കണ്ണീർപ്പാടം

76. സാമൂഹികാബോധം (collective unconscious) എന്ന ആശയം അവതരിപ്പിച്ച മന:ശാസ്ത്രജ്ഞൻ
    A) ഫ്രോയ്ഡ് B) ലെക്കാൻ
    C) യുങ്ങ് D) ആഡ്ലർ

77. കാവ്യത്തിന്റെ സ്ഥിരമായ ജീവൻ ഔചിത്യമാണ് എന്ന് വാദിച്ച ആലങ്കാരികൻ
    A) മമ്മടൻ B) അഭിനവഗുപ്തൻ
    C) രുദ്രടൻ D) ക്ഷേമേന്ദ്രൻ

78. ‘കപടലോകത്തിലാത്മാർത്ഥമായൊരു
    ഹൃദയമുണ്ടായതാണെൻ പരാജയം’ – ഈ പ്രശസ്തമായ ഈരടി ചങ്ങമ്പുഴയുടെ ഏതു കവിതയിലാണുള്ളത്?
    A) രമണൻ B) തകർന്നമുരളി
    C) ഇരുളിൽ D) നീറുന്ന തീച്ചൂള

79. സാഹിത്യ നിരൂപണത്തിൽ പെടാത്ത കൃതി
    A) അപ്പുവിന്റെ അന്വേഷണം B) ഗോപുരനടയിൽ
    C) ദൈവനീതിക്കു ദാക്ഷിണ്യമില്ല D) രാഹുകാലം

For more materials visit www.educationobserver.com/forum

80. അപ നിർമ്മാണ വാദത്തിന്റെ പ്രധാന ആശയം
   A) ഭാഷണത്തിനാണ് എഴുത്തിനേക്കാൾ പ്രാധാന്യം
   B) എഴുത്തിനാണ് ഭാഷണത്തെക്കാൾ പ്രാധാന്യം
   C) സൂചക – സൂചിത ബന്ധം ആരോപിതമാണ്
   D) ഭാഷയിൽ അന്തരങ്ങൾ മാത്രമേ ഉള്ളൂ

81. അംഗപ്രത്യയം ചേർത്തോ ചേർക്കാതെയോ ശരിപ്പെടുത്തിയിട്ടുള്ള ധാതുവിൽ കാലപ്രത്യയം യോജിപ്പിച്ചാൽ ഉണ്ടാവുന്ന രൂപം
   A) പേരെച്ചമായിരിക്കും
   B) വിനയെച്ചമായിരിക്കും
   C) നിയോജക പ്രകാരമായിരിക്കും
   D) പൂർണ്ണക്രിയയായിരിക്കും

82. താഴെപ്പറയുന്ന വേഷം ഏതു ദൃശ്യകലാരൂപത്തിന്റെതാണ്
   'ഇതിന് സർപ്പപ്പത്തി മുടി പ്രത്യേകമായുണ്ട്. ചെമന്നപട്ടും, തൊങ്ങലും ചാർത്തുന്നു. ചിലമ്പ് ഒറ്റക്കാലിൽ മാത്രമേ പാടുള്ളൂ. അതു വലത്തേ കാലിലായിരിക്കും. കെച്ചമണിയും അതേ കാലിൽ മാത്രമായിരിക്കും കെട്ടുന്നത്. കഴുത്തിൽ മാലചാർത്തും, ചന്ദനം പൂശും, മുഖത്തു തേപ്പും മിനുക്കുമില്ല, കണ്ണെഴുതുക മാത്രമേ ചെയ്യൂ'.

   A) ഓട്ടൻ തുള്ളൽ  B) ശീതങ്കൻ തുള്ളൽ
   C) കൂടിയാട്ടം  D) പറയൻ തുള്ളൽ

83. 'കസബ' എന്ന ആഗോളവൽക്കൃതമായ ചെറു നഗരത്തിലെ ജീവിതങ്ങളെ അവതരിപ്പിക്കുന്ന നോവൽ
   A) പ്രവാചകന്റെ വഴി  B) ഗോവർദ്ധന്റെ യാത്രകൾ
   C) തീയ്യൂർ രേഖകൾ  D) ദിശ

84. 'എന്റെ മകനാണ് ശരി' എന്ന നാടകം പിന്നീട് അറിയപ്പെട്ടതു ഏതുപേരിൽ?
   A) സർവ്വേക്കല്ല്  B) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി
   C) പുതിയതെറ്റ്  D) പുതിയആകാശം പുതിയഭൂമി

85. വൈലോപ്പള്ളിയുടെ ഒരു ബാലസാഹിത്യകൃതി
   A) കുന്നിമണികൾ  B) ഓലപ്പീപ്പി
   C) അമ്മുവിന്റെ ആട്ടിൻകുട്ടി  D) ഒരുകുല മുന്തിരിങ്ങ

86. ഭട്ടനായകന്റെ സവിശേഷമായ രസവ്യാഖ്യാനം ശ്രദ്ധേയമാവുന്നത് ഏതു പേരിൽ?
   A) സാധാരണീകരണ വാദം  B) അഭിവ്യക്തി വാദം
   C) അനുകരണ വാദം  D) അനുമിതി വാദം

87. കവിത വ്യക്തിത്വത്തിൽ നിന്നുള്ള മോചനമാണ് എന്ന് സിദ്ധാന്തിച്ച നിരൂപകൻ
   A) ഐ.എ.റിച്ചാർഡ്സ്  B) ടി.എസ്.എലിയട്ട്
   C) എസ്രാ പൗണ്ട്  D) ടി.ഇ.ഹ്യൂം

For more materials visit www.educationobserver.com/forum

88. 'ജീവിതമാണ് കാവ്യത്തിന്റെ ഉറവിടം. ജീവിതത്തെ തീരേ വിട്ടുകളഞ്ഞോ അപ്രധാനീകരിച്ചോ കാര്യങ്ങളെണ്ണിയെണ്ണി പറഞ്ഞാൽ, ആ പറയുന്നതെത്രമേൽ ആലങ്കാരിക ഭാഷയിലായാലും ശരി, കാവ്യമാവുകയില്ല'. ആരുടെ അഭിപ്രായം?

A) കുട്ടിക്കൃഷ്ണമാരാർ B) ഡോ.കെ.ഭാസ്ക്കരൻ നായർ
C) ജോസഫ് മുണ്ടശ്ശേരി D) സി.ജെ.തോമസ്

89. വില വെല എന്ന് ഉച്ചരിക്കുന്നത്

A) സ്വനിമ പരിണാമം B) രൂപ പരിണാമം
C) പദ പരിണാമം D) സ്വന പരിണാമം

90. 'മലയാളം എന്ന ശബ്ദം മല + ആൾ + അം എന്ന് പിരിച്ച് അർത്ഥം കല്പിക്കുന്നതാണ് യുക്തമെന്ന് തോന്നുന്നു'. ആരാണ് ഈ അഭിപ്രായം പറഞ്ഞത്?

A) ഗുണ്ടർട്ട് B) ഉള്ളൂർ
C) പ്രഭാകര വാര്യർ D) എൻ.ആർ.ഗോപിനാഥപിള്ള

91. കിളിപ്പാട്ട് സാഹിത്യത്തിൽ ദ്രുതകാകളിക്ക് (പാനയ്ക്ക്) ആദ്യമായി സ്ഥാനം കൊടുത്ത കവി

A) പൂന്താനം നമ്പൂതിരി B) കോട്ടയം കേരളവർമ്മ
C) കുഞ്ചൻ നമ്പ്യാർ D) കല്ലേക്കുളങ്ങര രാഘവ പിഷാരടി

92. സി.ജെ തോമസിന്റെ 'ക്രൈം' നാടകത്തിന്റെ പ്രത്യേകത

A) ഇംപ്രഷണിസ്റ്റു സങ്കേതം ഉപയോഗിക്കുന്നു
B) സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കുന്നു
C) രചനയിലും രംഗവിന്യാസത്തിലും പരീക്ഷണം നടത്തുന്നു
D) ഇബ്സൺ നാടകങ്ങളുടെ പ്രഭാവം ഉൾക്കൊള്ളുന്നു

93. 'ഇപ്രകാരം, ടോയൻബിയുടെ ആസ്ക്കന്ദന പ്രതികരണ തത്ത്വത്തിന് സ്വച്ഛവും സർവ്വതോമുഖവുമായ ഒരു ദൃഷ്ടാന്തമായി നമ്മുടെ മണിപ്രവാളം പ്രതിഭാസിക്കുന്നുവെന്ന് സിദ്ധാന്തിക്കുന്നതിൽ അപാകമില്ലെന്ന് കരുതട്ടെ' – ആരുടെ വ്യാഖ്യാനമാണ്?

A) സുകുമാർ അഴിക്കോട് B) ഡോ.പി.കെ.നാരായണപിള്ള
C) കേസരി ബാലകൃഷ്ണപിള്ള D) പി.കെ.ബാലകൃഷ്ണൻ

94. ആറ്റൂർ കൃഷ്ണപിഷാരടിയുടെ ശാകുന്തള വിവർത്തനത്തിന്റെ പേര്?

A) മലയാള ശാകുന്തളം B) മണിപ്രവാള ശാകുന്തളം
C) ഭാഷാ ശാകുന്തളം D) കേരള ശാകുന്തളം

95. മുക്തകങ്ങളുടെ രചനയിൽ പ്രശസ്തി നേടിയ കവി

A) എൻ.വി.കൃഷ്ണ വാര്യർ B) വി.കെ.ഗോവിന്ദൻ നായർ
C) നാലപ്പാട്ട് നാരായണ മേനോൻ D) വിഷ്ണു നാരായണൻ നമ്പൂതിരി

96. 'ശുപാർശ' എന്ന പദം ഏതുഭാഷയിൽ നിന്നും സ്വീകരിച്ചതാണ്?

A) പോർച്ചുഗീസ് B) പേർഷ്യൻ
C) അറബിക് D) ഹിന്ദി

For more materials visit www.educationobserver.com/forum

97. 'എനിക്കിതേ വേണ്ടു പറഞ്ഞുപോകരു –
തിതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം' – ആരുടെ വാക്കുകൾ?
A) വൈലോപ്പിള്ളി B) പി.കുഞ്ഞിരാമൻ നായർ
C) ജി.ശങ്കരക്കുറുപ്പ് D) ഇടശ്ശേരി ഗോവിന്ദൻ നായർ

98. കേസരി ബാലകൃഷ്ണപിള്ള 'യുവകവി' എന്ന് വിശേഷിപ്പിച്ചത് ആരെ?
A) കെടാമംഗലം പപ്പുക്കുട്ടി B) ചെറുകാട്
C) കെ.പി.ജി.നമ്പൂതിരി D) ഡി.എം.പൊറ്റെക്കാട്

99. 'ജീവചരിത്രക്കുറിപ്പുകൾ' ആരുടെ കവിതാസമാഹാരമാണ്
A) തിരുനല്ലൂർ കരുണാകരന്റെ B) ഒ.എം.അനുജന്റെ
C) മാധവൻ അയ്യപ്പത്തിന്റെ D) സച്ചിദാനന്ദന്റെ

100. ബ്രാഹ്മിയിൽ നിന്ന് പരിണമിച്ചുണ്ടായവയാണ് വട്ടെഴുത്ത് ഉൾപ്പെടെയുള്ള ദക്ഷിണഭാരതത്തിലെ ലിപികൾ എന്ന് തെളിയിക്കാൻ ശ്രമിച്ച ഗവേഷകൻ
A) ബർണൽ B) എൽ.എ.രവിവർമ്മ
C) കെ.ഗോദവർമ്മ D) എൽ.വി.രാമസ്വാമി അയ്യർ

101. അവകൾ എന്ന രൂപം ഉണ്ടാകുന്നത്
A) ഉച്ചാരണഭേദം കൊണ്ട് B) സാദൃശ്യവിഭ്രമം എന്ന കാരണത്താൽ
C) അതിശുദ്ധി എന്ന കാരണത്താൽ D) ആദാനം വഴി

102. 'പ്രേയാൻ' എന്ന രസം നവരസത്തോടൊപ്പം കൂട്ടിച്ചേർത്ത ആലങ്കാരികൻ
A) രുദ്രടൻ B) മമ്മടൻ
C) വാമനൻ D) ശങ്കുകൻ

103. 'വാക്യം രസാത്മകം കാവ്യം' എന്ന് കാവ്യത്തെ നിർവ്വചിച്ചതാര്?
A) ആനന്ദവർദ്ധനൻ B) രാജശേഖരൻ
C) വിശ്വനാഥ കവിരാജൻ D) ഭരതമുനി

104. കാവ്യാസ്വാദനത്തെ സിരാപടലങ്ങളുമായി ബന്ധപ്പെടുത്തി പഠനം നടത്തിയ വിമർശകൻ
A) ക്ലെയന്ത് ബ്രൂക്ക്സ് B) സൂസൻ കെ.ലാംഗർ
C) റാൻസം D) ഐ.എ.റിച്ചാർഡ്സ്

105. 'മിഥ്യയീ നഗരത്തിൻ നൈമിഷോഷ്മളോന്മാദം
സത്യമീ ഹിമാലയ ശാശ്വത ശൈത്യാമോദം' – എൻ.വി.കൃഷ്ണവാര്യരുടെ ഏത് കവിതയിലേതാണ് ഈ വരികൾ?
A) ഗാന്ധിയും ഗോഡ്സെയും B) ജീവിതവും മരണവും
C) അവസാനത്തെ ആസ്പത്രി D) കടൽകാക്കയെ ആർ അറിയുന്നു

106. ഒ.എൻ.വി.കുറുപ്പിന്റെ കവിത ഏത്?
A) നിശാഗന്ധി നീയെത്ര ധന്യ B) അത്രമേൽ സ്നേഹിക്കയാൽ
C) ശ്യാമസുന്ദരി D) യാമിനീയോഗം

For more materials visit www.educationobserver.com/forum

107. ചന്ദ്രോത്സവത്തിൽ പരാമർശിക്കപ്പെടാത്ത കവി

A) ശങ്കര കവി
B) പുനം നമ്പൂതിരി
C) രാഘവ കവി
D) ചെറുശ്ശേരി

108. 'ചതുരന്ത്യം' എന്ന കൃതിയുടെ കർത്താവ്

A) അർണ്ണോസ് പാതിരി
B) ആർച്ച് ഡീക്കൻ കോശി
C) ഫാദർ ക്ലമന്റ്
D) കരിയാറ്റിൽ ഔസേപ്പു കത്തനാർ

109. കാവിലെ പാട്ട് എന്ന കവിതയുടെ പ്രമേയം

A) കാവുകൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നിലനിർത്തുന്നു
B) സംഹാരാത്മികയായ മാതൃദേവത കരുണാമയയായി മാറി ആത്മ പീഠനത്തിലൂടെ പ്രായശ്ചിത്തം ചെയ്യുന്നു
C) കാവുകൾ നാശോജ്ജ്വലമാവുന്നതിൽ ദു:ഖിതനായ കവിയെ അവതരിപ്പിച്ചിരിക്കുന്നു
D) കാലത്തിനനുസരിച്ച് പ്രാക്തന സംസ്ക്കാരം നശിക്കേണ്ടതുണ്ട് എന്ന ആശയം ആവിഷ്കരിക്കുന്നു

110. നോൺ സെൻസ് ആണ് എന്ന് ആദ്യ വായനയിൽ തോന്നുമെങ്കിലും ആ കവിതകൾ സൂപ്പർ സെൻസ് ആണ് – ആരുടെ കവിതകളെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

A) ചെമ്മനം ചാക്കോയുടെ
B) പി.നാരായണക്കുറുപ്പിന്റെ
C) സച്ചിദാനന്ദന്റെ
D) കുഞ്ഞുണ്ണിയുടെ

111. പോസ്റ്റുകൊളോണിയൽ വിമർശന ശാഖയ്ക്ക് ഗണ്യമായ സംഭാവനകൾ നല്കിയ എഴുത്തുകാരി

A) ജൂലിയ ക്രിസ്റ്റേവ
B) വെർജീനിയ വുൾഫ്
C) സിമോങ് ഡി ബുവ്വ
D) ഗായത്രി ചക്രവർത്തി സ്പിവാക്

112. ആലങ്കാരികനായ രാജശേഖരന്റെ പക്ഷത്തിൽ 'സതൃണാഭ്യവഹാരി' ആയ സഹൃദയൻ എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ്?

A) വിവേകശാലിയായ സഹൃദയൻ
B) വിവേകമില്ലാത്ത സഹൃദയൻ
C) ഗുണങ്ങളെ അവഗണിക്കുന്ന സഹൃദയൻ
D) കാവ്യമർമ്മം ശരിക്കറിയാവുന്ന സഹൃദയൻ

113. ജ്ഞാനപീഠ പുരസ്കാരം ലഭിക്കാത്ത എഴുത്തുകാരൻ?

A) എസ്.കെ പൊറ്റക്കാട്
B) എം.ടി വാസുദേവൻ നായർ
C) വൈയ്ക്കം മുഹമ്മദ് ബഷീർ
D) തകഴി ശിവശങ്കരപ്പിള്ള

114. ഫാന്റസിയെ ശക്തമായ ആവിഷ്കരണോപാധിയായി സ്വീകരിച്ച കഥാകാരൻ?

A) എൻ.പി.മുഹമ്മദ്
B) സേതു
C) സക്കറിയ
D) എം.ടി വാസുദേവൻ നായർ

115. നിയോ ക്ലാസിസിസത്തിന്റേതല്ലാത്ത സ്വഭാവം

A) അനുകരണം
B) പ്രബോധനം
C) നിയമബദ്ധത
D) മൗലികത

For more materials visit www.educationobserver.com/forum

116. 'അന്ധർ നിൻ തുമ്പിയോ, കൊമ്പോ,
പള്ളയോ തൊട്ടുഴിഞ്ഞീടാം
എനിക്ക് കൊതി നിൻ വാലിൻ
രോമം കൊണ്ടൊരു മോതിരം' – ആരുടെ വരികൾ?

A) ഒളപ്പമണ്ണ  B) ആറ്റൂർ രവിവർമ്മ
C) അക്കിത്തം  D) വിഷ്ണുനാരായണൻ നമ്പൂതിരി

117. 'മലയാളത്തിലേക്ക് ആദികവിയായ തുഞ്ചത്ത് ഗുരുനാഥൻ പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി ഇവയായ തമിഴ്ക്കവിയെ നോക്കിത്തന്നെ തന്റെ കിളിപ്പാട്ടുകളെ തീർത്തു. എന്നാൽ ആ ശീലുകളുടെ ഗാന രീതി ആ മഹാത്മാവിന്റെ ഉള്ളിൽ നിന്നും പുറപ്പെട്ടതല്ലാതെ കേവലം തമിഴ് രീതിക്കു ചേർന്നിരിക്കുകയുമില്ല'. ആരുടെ അഭിപ്രായം?

A) കെ.എൻ.എഴുത്തച്ഛൻ  B) കോവുണ്ണി നെടുങ്ങാടി
C) കെ.എസ്.എഴുത്തച്ഛൻ  D) ഉള്ളൂർ എസ്.പരമേശ്വരയ്യർ

118. ജി.ശങ്കരക്കുറുപ്പിന്റെ താഴെക്കൊടുത്ത കവിതകളിൽ ഒന്ന് പ്രമേയപരമായി വ്യത്യാസം പുലർത്തുന്നു. കവിത ഏത്?

A) വിശ്വദർശനം  B) നിഴലുകൾ നീളുന്നു
C) പാതിനേര് പാതി നുണ  D) പഴയവാച്ച്

119. നാട്യശാസ്ത്രത്തിൽ പരാമർശിച്ചിട്ടുള്ള നാല് അലങ്കാരങ്ങളിൽ ഒന്ന്

A) അർത്ഥാന്തരന്യാസം  B) ദൃഷ്ടാന്തം
C) ശ്ലേഷം  D) രൂപകം

120. കാവ്യത്തിന്റെ ആത്മാവ് രീതിയാണ് എന്ന് വാദിച്ച ആലങ്കാരികൻ

A) വാമനൻ  B) കുന്തകൻ
C) മഹിമഭട്ടൻ  D) ദണ്ഡി

********************